ള്ളതും ബ്ലോക്കു പഞ്ചായത്തുകൾ ശുപാർശ ചെയ്യുന്നതുമായ റോഡുപണികളാണ് നബാർഡിലേക്ക് അയയ്ക്കുന്നത്.

(ഇ) 23.12.98-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് യോഗം തീരുമാനം നമ്പർ : 118

(എഫ്)പ്രസ്തുത യോഗത്തിൽ മൊത്തം പത്തു റോഡുകൾ ബ്ലോക്ക് പഞ്ചായത്ത് യോഗം അംഗീകരിച്ചിട്ടുണ്ട്.

(ജി) സെക്രട്ടേറിയറ്റിലെ വകുപ്പുകൾമുഖേന ശുപാർശ ചെയ്ത് അയച്ചിട്ടില്ല. പ്രോജക്ട് ആഫീസറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നുമാണ് നബാർഡിലേക്കയച്ചത്.

(എച്ച്) ഗ്രാമവികസന കമ്മീഷണറേറ്റിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

(ഐ) ബാധകമല്ല.

(ജെ) നബാർഡ് 9.3.99 ലെ എൽ.ബി.എസ്.പി.ബി/ആർ.ഐ.ഡി.എഫ് 4(കേരള)/27 പി.എസ്.സി) 98-99 നമ്പർ കത്തുപ്രകാരമാണ് റോഡ് പ്രവൃത്തിക്ക് അനുമതി നൽകിയത്.

(കെ) റോഡു നിർമ്മിക്കുന്നതിന് ആര്, എപ്പോൾ പ്രൊപ്പോസൽ നൽകി എന്നറിയില്ലെന്നും പ്രസ്തുത റോഡിന് സർക്കാർ അംഗീകാരം നൽകുന്നതിനുമുമ്പായി അതു സംബന്ധിച്ച് ഒരു ഡിസ്കഷൻ ആവശ്യമാണെന്നും കാണിച്ച് ശ്രീ. ചെർക്കളം അബ്ദുള്ള എം.എൽ.എ. 3.4.99 ന് ഗ്രാമവികസന വകുപ്പു സെക്രട്ടറിക്കും (17.4.99 ലെ 3853/പി.ബി.3/99/ഗ്രാ.വി.വ) 27.3.99-നു ധനകാര്യ സെക്രട്ടറിയും 13.4.99 ലെ 29914/എസ്.സി1/99/ഫിൻ) പരാതി നൽകിയിട്ടുണ്ട്.

25 (3478) ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ കൺഫർമേഷൻ

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ കൺഫർമേഷൻ ലഭിച്ച എത്ര ജീവനക്കാരുണ്ട്; കാറ്റഗറി തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) കൺഫർമേഷൻ ലഭിക്കാൻ അർഹതയുള്ളവരും എന്നാൽ ഇതുവരെ ലഭിക്കാത്തവർക്കും കൺഫർമേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വകുപ്പിൽ കൺഫർമേഷൻ ലഭിച്ച ജീവനക്കാർ ആരും തന്നെ ഇപ്പോൾ ഇല്ല.

(ബി) ചട്ടപ്രകാരം ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

26 (3479) സി-ഡിറ്റിന്റെ ഇൻഫർമേഷൻ കേരള മിഷൻ പദ്ധതി

<u>ശ്രീ. വി.ജെ. ഫ്രാൻസിസ്</u> :
<u>ശ്രീ. എഴുകോൺ നാരായണൻ</u> :

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എം. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് 1989 ജൂൺ മാസത്തിൽ മൈക്രോ സോഫ്റ്റ് കോർപ്പ റേഷനുമായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആ ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള ഇന്റഫർമേഷൻ കേരള മിഷൻ എന്ന പദ്ധതിയുമായി മേൽപ്പറഞ്ഞ ധാരണാപത്രത്തിന് എന്തെങ്കിലും ബന്ധ മുണ്ടോ;

(ഡി) ഇൻഫർമേഷൻ കേരള മിഷൻ പദ്ധതിക്കായി സർക്കാർ ഇതു വരെ സി-ഡിറ്റിന് ധനസഹായം നൽകിയിട്ടുണ്ടോ;

(ഇ) ഈ പദ്ധതിക്കുവേണ്ടി സി-ഡിറ്റിൽനിന്നും എത്ര ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്; അവരുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള സ്റ്റൈഡ് പ്രോജക്ടും ഇൻഫർമേ ഷൻ കേരള മിഷൻ പ്രോജക്ടുമായി എന്തെങ്കിലും ബന്ധമുണ്ടോ;

(ജി) ഇൻഫർമേഷൻ കേരള മിഷനുവേണ്ടി സി-ഡിറ്റ് പുതിയ ഓഫീസ് കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വാടക എത്ര യാണ്;

(എച്ച്) സി-ഡിറ്റിന് സ്വന്തമായി ക്യാംപസ് ഉള്ള നിലയ്ക്ക് വാടക കെട്ടിടം എടുത്തതിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മൈക്രോസോഫ്റ്റ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനവുമായി ഒപ്പുവച്ചിട്ടുണ്ട്.

(ബി) അനുബന്ധം 1- ആയി വച്ചിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) സി-ഡിറ്റിലെ 17 ജീവനക്കാരെ താൽക്കാലികമായി നിയോഗിച്ചി ട്ടുണ്ട്. വിശദവിവരം അനുബന്ധം 2-ആയി വച്ചിട്ടുണ്ട്.†

(എഫ്) ഉണ്ട്.

(ജി) ഉണ്ട്. പ്രതിമാസം വാടക 11,000/- രൂപയാണ്.

(എച്ച്) സി-ഡിറ്റ് ക്യാമ്പസിൽ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ സ്ഥലസൗകര്യം ഇല്ലാത്തതുകൊ ണ്ടാണ് വാടകക്കെട്ടിടം എടുത്തിട്ടുള്ളത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly